എമ്മാവൂസ്
വചനദൂത്



# പരിശുദ്ധ കുർബാനയുടെ തിരുനാൾ

റവ. ഫാ. വിൻസെന്റ് ഇടക്കരോട്ട് MCBS (Vol. 9, Issue 64)

"അവർണ്ണനീയമായ ദാനത്തിന് കർത്താവേ, അങ്ങേയ്ക്ക് നന്ദി" (2 കൊറി. 9:15). മഹത്തരമായ വിശുദ്ധ കുർബാന എന്ന മഹാദാനത്തെ മനസ്സിൽ ധ്യാനിച്ചുകൊണ്ട് ഏവർക്കും പരിശുദ്ധ കുർബാനയുടെ തിരുനാൾ ആശംസകൾ സ്നേഹപൂർവ്വം നേരുന്നു.

"ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവൻ ഏകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്" (യോഹ. 10:10) എന്നുപറഞ്ഞ ജീവന്റെ ജീവനായ നാഥനെ പ്രത്യേകമായി ഓർക്കുന്ന ദിനം. "ദിവ്യകാരുണ്യം ലോകത്തിന്റെ പ്രകാശവും ജീവനും ആണ്" എന്ന വി. ജോൺപോൾ രണ്ടാമൻ പാപ്പായുടെ വാക്കുകൾ ഹൃദയത്തിൽ ഉറപ്പിക്കേണ്ട ദിനം. "പരിശുദ്ധ കുർബാനയിൽ എനിക്ക് എന്റെ കർത്താവിനെ എന്നും സ്വീകരിക്കുവാൻ കഴിയുന്നു" എന്ന് കർദ്ദിനാൾ ന്യൂമാൻ പറഞ്ഞതുപോലെ വിശുദ്ധ കുർബാനയിലെ നാഥൻ എന്റെ സർവ്വസ്വവുമാണെന്ന് അനുഭവിക്കേണ്ട പരിശുദ്ധ കുർബാനയുടെ തിരുനാൾ ദിനം. ഈ അനന്തമായ സ്നേഹത്തിന്റെ അനുഭവം എന്റെ അനുദിന അനുഭവമാണെന്ന് ഓർമ്മിപ്പിക്കാനാണ് ഈ പ്രത്യേക തിരുനാൾദിനം കൊണ്ട് അർത്ഥമാക്കുന്നത്.

സ്വാഭാവികമായും പെസഹാദിനത്തിലെ വിശുദ്ധ കുർബാന സ്ഥാപനത്തിന്റെ സ്മരണകൾ മനസ്സിൽ കടന്നുവരുന്നതോടെ എന്തിനാണ് പ്രത്യേകമായി മറ്റൊരു ദിനം, വിശുദ്ധ കുർബാനയുടെ തിരുനാൾ ദിനമായി ആചരിക്കുന്നതെന്ന ചിന്ത മനസ്സിൽ വരാനുള്ള സാധ്യതയുണ്ട്. ഇത് മനസ്സിലാക്കാൻ ചരിത്രപരവും വിശ്വാസപരവുമായ ചില ഓർമ്മപ്പെടുത്തലുകൾ സൂക്ഷിച്ചാൽ ഈ തിരുനാളിന്റെ അർത്ഥം മനസ്സിലാകും.

പരിശുദ്ധ കുർബാനയുടെ തിരുനാൾദിനവുമായി ബന്ധപ്പെട്ട് മറക്കാനാവാത്ത ഒരു വ്യക്തിയാണ് ലിയോഗായിലെ വി. ജൂലിയാന (1193-1258). വിശുദ്ധ കുർബാനയുടെ തീവ്രഭക്തയും ദിവ്യകാരുണ്യ ആരാധനയിലൂടെ ജീവിതത്തിന്റെ ശക്തിയും ഊർജ്ജവും കണ്ടെത്തിയവളാണ് വി. ജൂലിയാന. അവൾക്ക് തന്റെ 16-ാമത്തെ വയസ്സിൽ ഒരു ദർശനവും തുടർന്ന് അതിന്റെ സന്ദേശവും ലഭിച്ചു. വിശുദ്ധയ്ക്ക് ലഭിച്ച ദർശനത്തിൽ ഒരു പൂർണ്ണചന്ദ്രന്റെ രൂപവും ആ പൂർണ്ണചന്ദ്രന്റെയുള്ളിൽ ഒരു കറുത്ത പാടും കാണപ്പെട്ടു. വെളുത്ത് പ്രകാശിക്കുന്ന പൂർണ്ണചന്ദ്രൻ സഭയുടെ പ്രതീകമാണെന്നും ആ കറുത്തപാട് സഭയിൽ, വിശുദ്ധ കുർബാനയ്ക്ക് പ്രത്യേകമായി ബഹുമാനവും ആദരവും സ്നേഹവും നൽകുന്നതിനായി ഒരു ദിനം ഇല്ലാത്തതിന്റെ കുറവിന്റെ സൂചനയാണെന്നും അവൾക്ക് സന്ദേശം

ലഭിച്ചു. ഈ ദർശനവും സന്ദേശവും ലഭിച്ച വിവരം ആദ്യം അവൾ ആരോടും പറഞ്ഞില്ലെങ്കിലും നിരന്തരമായി തുർന്നുള്ള കാലങ്ങളിൽ പലതവണ ഇതേ ദർശനം തുടരുകയും സന്ദേശം ലഭിക്കുകയും ചെയ്തുപോന്നു. അതിനാൽ ജൂലിയാന, വിശുദ്ധ കുർബാനയ്ക്ക് ആദരവ് നൽകാൻ പ്രത്യേകമായി തിരുനാൾ ദിനം തുടങ്ങാൻ അധികാരികളോട് ആവശ്യപ്പെട്ടു. ദർശനത്തെയും സന്ദേശത്തെയും വിലയിരുത്തി ഇങ്ങനെയൊരു തിരുനാളിന്റെ സാധ്യതയെക്കുറിച്ചും പഠിക്കുവാനും തീരുമാനം എടുക്കുവാനും അവർ തീരുമാനിച്ചു.

പെസഹാവ്യാഴം നാം പ്രത്യേകമായി അനുസ്മരിക്കുന്നത് വിനയത്തിന്റെയും ശുശ്രൂഷയുടെയും മാതൃകയിലേയ്ക്കും, പൗരോഹിത്യത്തിന്റെ സ്ഥാപനദിനത്തിലേയ്ക്കും, ഗദ്സമേനിലെയും കാൽവരിയിലെയും ശൂന്യവത്ക്കരണത്തിലേയ്ക്കുമാണ്. അത് തീർച്ചയായും വിശുദ്ധ കുർബാനയുടെ സ്ഥാപനത്തിലേയ്ക്കും ആഘോഷത്തിലേയ്ക്കുമാണ്. എന്നിരുന്നാലും വിശുദ്ധ കുർബാനയെ പ്രത്യേകമായി ഓർക്കുന്നതിനും അതിലെ യേശുസാന്നിധ്യത്തെ ആഴത്തിൽ അറിയുന്നതിനും പ്രഘോഷിക്കുന്നതിനും ഒരു നിശ്ചിത ദിവസം വേണമെന്ന തീരുമാനത്തിലേയ്ക്ക് അധികാരികൾ എത്തിച്ചേർന്നു.

ഇത്തരത്തിൽ വിശുദ്ധ കുർബാനയുടെ ഒരു പ്രത്യേക തിരുനാൾദിനത്തെക്കുറിച്ച് വി. ജൂലിയാനയ്ക്ക് ലഭിച്ച ദർശനത്തിന്റെയും പഠനത്തിന്റെയും വെളിച്ചത്തിൽ ചിന്തിച്ച് തീരുമാനത്തിലേയ്ക്ക് വരുന്ന സാഹചര്യത്തിൽ മറ്റൊരു ദിവ്യകാരുണ്യാത്ഭുതം ഈ തിരുനാൾദിനത്തിന്റെ ആഘോഷം തുടങ്ങുന്നതിന് കാരണമായിത്തീർന്നു. *Corpus Christi* തിരുനാൾ ആരംഭിക്കുവാൻ ഉർബൻ 4-ാമൻ പാപ്പയെ പ്രചോദിപ്പിച്ച ഈ അത്ഭുതം നടന്നത് 1203-ൽ ഇറ്റലിയിലെ ബൊൾസെനയിലാണ്. ജർമ്മൻ പുരോഹിതനായ ഫാ. പീറ്റർ ഒരു തീർത്ഥാടന മധ്യേ ഇറ്റലിയിലെ ബൊൾസെനയിൽ വിശുദ്ധ കുർബാന അർപ്പിക്കവെ, ഓസ്തി മാംസമാവുകയും ഓസ്തിയിൽ നിന്നും രക്തം പൊടിയുകയും ചെയ്തു. ഈ സംഭവവും പഠനവിധേയമാക്കിയതിനു ശേഷം ദിവ്യകാരുണ്യാത്ഭുതമായി പ്രഖ്യാപിക്കുകയും ചെയ്തു.

അങ്ങനെ, വി. ജൂലിയാനയുടെ ദർശനങ്ങൾക്കും ബൊൾസെനയിലെ ദിവ്യകാരുണ്യാത്ഭുതത്തിനും ശേഷം 1264 ആഗസ്റ്റ് 11-ാം തീയതി ഉർബൻ 4-ാമൻ മാർപാപ്പ 'ട്രാൻസിത്തൂറാസ് ദേ ഹോക് മുന്തോ' (*Transituras de hoc mundo*) എന്ന പേപ്പൽ ബുൾ വഴി വിശുദ്ധ കുർബാനയുടെ തിരുനാൾ *Corpus Christi* - പ്രഖ്യാപിക്കുകയും ചെയ്തു. ഈ തിരുനാൾ *Corpus Domini* എന്ന പേരിലും അറിയപ്പെടാറുണ്ട്.

പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാളിനു ശേഷം വരുന്ന വ്യാഴാഴ്ച്ചയാണ് പരിശുദ്ധ കുർബാനയുടെ തിരുനാൾദിനമായി ആഘോഷിക്കുന്നത്. അത് ഉത്ഥാനത്തിരുനാൾ ദിനത്തിനു ശേഷം 60-ാം ദിവസമാണ് വരിക. ഇത്രയേറെ ചരിത്രപ്രാധാന്യവും ആത്മീയസമ്പത്തും വിശുദ്ധരുടെ ജീവിതവുമായും ദിവ്യകാരുണ്യാത്ഭുതത്താലും സഭാപിതാക്കന്മാരുടെയും സഭയുടെയും പഠനങ്ങളാലും രൂപപ്പെട്ട മഹത്വരമായ ഒരു തിരുനാൾദിനമാണ് പരിശുദ്ധ കുർബാനയുടെ തിരുനാൾ.

ആയതിനാൽ, ക്രൈസ്തവ ജീവിതത്തിന്റെ കേന്ദ്രവും ലോകത്തിന്റെ ഏറ്റവും വലിയ ഭാഗ്യവും ആനന്ദവും വിസ്മയവുമായ പരിശുദ്ധ കുർബാനയെ നമുക്ക് സ്നേഹിക്കാം, ബഹുമാനിക്കാം, ആരാധിക്കാം. കാരണം, ഇത് നമ്മുടെ ജീവന്റെ ജീവനാണ്. ആത്മാവിന്റെ സർവ്വസ്വവുമാണ്. മനുഷ്യന്റെ ബുദ്ധിയ്ക്കും കഴിവുകൾക്കുമതീതമായ വിശുദ്ധ കുർബാന എന്ന പരമരഹസ്യത്തെ നമുക്ക് നെഞ്ചേറ്റി സ്വീകരിക്കാം. "യേശു ഓസ്തിയിൽ സന്നിഹിതനല്ലായിരുന്നുവെങ്കിൽ നമുക്ക് എന്ത് സംഭവിക്കുമായിരുന്നു! എല്ലാത്തിന്റെയും അന്ത്യം ആ നിമിഷം സംഭവിക്കാം" എന്ന് വി. അമ്മത്രേസ്യാ തന്റെ ദിവ്യകാരുണ്യാനുഭവത്തിൽ പങ്കുവയ്ക്കുന്നുണ്ട്.

അതിനാൽ നമുക്ക് നമ്മുടെ വിശുദ്ധ കുർബാനയുടെ അനുഭവത്തെ ധ്യാനിക്കാം. ആദരവോടെയും സ്നേഹത്തോടെയും ഓർക്കേണ്ട വിശുദ്ധ കുർബാനയുടെ മുന്നിലണയാം-അനുഭവിക്കാം-ആ അനുഭവങ്ങൾക്ക് സാക്ഷ്യം നൽകാം. അതിനുള്ള ഓർമ്മപ്പെടുത്തലായി പരിശുദ്ധ കുർബാനയുടെ ഈ തിരുനാൾദിനത്തെ നമുക്ക് സ്വീകരിക്കാം.